(സി) വിവിധ കാരണങ്ങളുണ്ട്. പ്രധാനമായും സാമ്പത്തിക പ്രതിസന്ധി യാണ് കാരണം.

(ഡി) ഇല്ല.

(ഇ) കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് നൽകാൻ സാധിക്കാത്തത്.

(എഫ്) സമ്മതിക്കുന്നതാണ്.

സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ്

82 [1396] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

" പി. ജയരാജൻ:

" മത്തായി ചാക്കോ:

" പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയനിലും സർക്കാർ സഹകരണ യൂണിയനുകളിലും ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ നിലവിലുണ്ടോ;

(ബി) സംസ്ഥാന സഹകരണ യൂണിയൻ ഭരണ സമിതി സംസ്ഥാന സർക്കാർ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ; സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എത്ര മാസമായി അധികാരത്തിൽ തുടരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) യൂണിയനുകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് കേരള ഹൈക്കോടതിയിൽ പെറ്റീഷൻ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിധി എന്തായിരുന്നു;

(ഡി) സഹകരണ നിയമത്തിലും ചട്ടങ്ങളിലും എന്തെങ്കിലും മാറ്റം വരുത്തി കൊണ്ടാണോ തെരഞ്ഞെടുപ്പ് നടത്തുന്നതെന്ന് വിശദമാക്കാമോ; ചട്ടങ്ങളിലെ മാറ്റം നിർദ്ദേശിച്ചത് ഏത് ഏജൻസിയാണ്; ഇപ്പോഴത്തെ സംസ്ഥാന സഹകരണ യൂണിയന്റെ ഘടന അറിയിക്കാമോ;

(ഇ) സംസ്ഥാന സഹകരണ യൂണിയനിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വനിതാ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സഹകരണ യൂണിയനിലും സർക്കിൾ സഹകരണ യൂണിയനുകളിലും ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ നിലവിലില്ല.

(ബി) സംസ്ഥാന സഹകരണ യൂണിയൻ ഭരണ സമിതി പിരിച്ചുവിട്ടിട്ടില്ല. നിലവിലുണ്ടായിരുന്ന ഭരണസമിതിക്ക് കാലം നഷ്ടപ്പെട്ടതിനെ തുടർന്ന് സംസ്ഥാന സഹകരണ യൂണിയനിലുണ്ടായ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ സർക്കാർ നിയമിക്കുകയാണുണ്ടായത്. ടി കമ്മിറ്റി 16-07-2002 മുതൽ അധികാരത്തിൽ തുടരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണയന്നൂർ സർക്കിൾ സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച് യൂണിയന്റെ മുൻ ചെയർമാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹയൽ ചെയ്ത ഓ. പി.-യിൻമേൽ സർക്കിൾ സഹകരണ യൂണിയനുകളുടെ തെരഞ്ഞെടുപ്പ് നടപടികൾ 31-07-2004-നു മുൻപ് പൂർത്തീകരിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) വിശദമാക്കാം. കേരള സഹകരണ ചട്ടത്തിൽ അനിവാര്യമായ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു. 1969-ലെ കേരള സഹകരണ സംഘം വകുപ്പ് 88(1) പ്രകാരം അഫിലിയേറ്റ് ചെയ്ത സംഘങ്ങളിലെ കമ്മിറ്റി മെമ്പർമാരെ പ്രതിനിധീകരിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന തരത്തിൽ തെരഞ്ഞെടുക്കപ്പെടാവുന്ന 7 മെമ്പർമാരെ തെരഞ്ഞെടുക്കേണ്ടതാണ് എന്നും എന്നാൽ 88-ാം വകുപ്പിലെ 2-ാം വകുപ്പിന് അനുസൃതമായിട്ടുള്ള ചട്ടം 128 (1)-ൽ 88-ാം ഉപവകുപ്പ് ക്ലോസ് (എ) അനുസരിച്ച് സർക്കിളിലെഎല്ലാ സഹകരണ സംഘങ്ങളിലേക്കും കമ്മിറ്റി മെമ്പർമാർ അവരുടെ ഇടയിൽ നിന്ന് 8 മെമ്പർമാരെ തെരഞ്ഞെടുക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം 1959-ലെ കേരള സഹകരണ നിയമത്തിലും ചട്ടത്തിലും വ്യത്യസ്തമായിരിക്കുകയും നിയമത്തിലെ വകുപ്പ് 88(1)നു പകരം ബന്ധപ്പെട്ട ചട്ടങ്ങളിൽ അതായത് 128(1), 128(3), 129(സി), 129(ഡി) എന്നീ ചട്ടങ്ങളിൽ—വകുപ്പ് 88(2) എന്നും തെറ്റായി പരാമർശിക്കുകയും ചെയ്തത് തെരഞ്ഞെടുപ്പിൽ ആശയ കുഴപ്പത്തിനും തർക്കത്തിനും ഇടയാക്കുമെന്നതിനാൽ ആയത് ഭേദഗതി ചെയ്യുന്നതിനുള്ള പ്രാപ്പോസൽ ലഭിക്കുകയും അതനുസരിച്ച് 10-10-2003-ലെ ജി.ഒ.(പി) നമ്പർ 198/03/സഹ നമ്പരായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

1997 കേരള സഹകരണ ചട്ടത്തിൽ വരുത്തിയ ഭേദഗതി പ്രകാരം എല്ലാ വിഭാഗം സഹകരണ സ്ഥാപനങ്ങളുടെയും പ്രതിനിധികൾക്ക് സർക്കിൾ സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

യൂണിയൻ മാനേജിംഗ് കമ്മിറ്റിയിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിന് വ്യവസ്ഥയില്ലായിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ എല്ലാ വിഭാഗം സഹകരണ സംഘങ്ങൾക്കും മതിയായ പ്രാതിനിധ്യം നൽകികൊണ്ട് സഹകരണ ചട്ടം 128 ഭേദഗതി ചെയ്യണമെന്ന് 20-5-2003-ൽ ചേർന്ന സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മറ്റിയുടെ തീരുമാനം പരിഗണിക്കേണ്ടതാണെന്ന് വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ യൂണിയനുകളിൽ ഡെയറി, ഫിഷറീസ് വ്യവസായ സഹകരണ സംഘങ്ങൾക്കുകൂടി പ്രാതിനിധ്യം നൽകുന്നത് ഉചിതമാണെന്ന് ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭിക്കുകയും ടി സംഘങ്ങൾക്കും കൂടി പ്രാതിനിധ്യം നൽകിക്കൊണ്ട് 7-2-2004-ലെ ജി.ഒ. (പി) 52/04 സഹ നംപറായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സഹകരണ യൂണിയന്റെ ഘടന അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഇപ്പോൾ മൂന്നുപേർ അടങ്ങുന്ന ഒരു കമ്മിറ്റിയാണ് ഭരണം നടത്തുന്നത്.

(ഇ) വ്യക്തമാക്കാം.

കേരള സഹകരണ നിയമം വകുപ്പ് 89 (ഇ) പ്രകാരം സർക്കിൾ സഹകരണ യൂണിയനുകളിലെ തെരഞ്ഞെടുക്കപ്പെട്ട വനിതാ അംഗങ്ങളിൽ നിന്നും നിയമാനുസൃതം തെരഞ്ഞെടുക്കപ്പെടുന്ന ഒരു വനിതാ അംഗത്തെയും വകുപ്പ് 89 (എഫ്) പ്രകാരം സർക്കിൾ സഹകരണ യൂണിയനുകളിലെ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങളിൽ നിന്ന് നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഒരു പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗത്തേയും സംസ്ഥാന സഹകരണ യൂണിയനിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്.

എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ നടപടി

83 [1401] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്. സി./എസ്. ടി. സഹകരണ സംഘങ്ങൾ വിവിധങ്ങളായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആകെ എത്ര എസ്. സി./എസ്. ടി. സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ ഇല്ലാത്ത എത്ര സംഘങ്ങളാണ് നിലവിലുള്ളത്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.